LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ ആയിരം വാട്ട്സ് കണക്ടഡ് ലോഡ് വരെ എസ് സി./എസ് ടി. വിഭാഗങ്ങൾക്കും, 500 വാട്ട്സ് കണക്ടഡ് ലോഡ് വരെ ബി.പി.എൽ. അപേക്ഷകർക്കും സൗജന്യമായി നൽകിവരുന്നു. സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നതുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2005-ലെ ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥകൾക്കനുസൃതമായി ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ ആയിരം വാട്ട്സ് കണക്ടഡ് ലോഡ് വരെ എസ് സി./എസ് ടി. വിഭാഗങ്ങൾക്കും, 500 വാട്ട്സ് കണക്ടഡ് ലോഡ് വരെ ബി.പി.എൽ.-അപേക്ഷകർക്കും സൗജന്യമായി നൽകിവന്നിരുന്നു.

എന്നാൽ പുതിയതായി പ്രാബല്യത്തിൽ വന്ന 2014-ലെ സപ്ലൈ കോഡിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ചെലവ് എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചാർജ് ഈടാക്കാതെ തന്നെ മേൽപ്പറഞ്ഞ വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ തുടർന്നും നൽകിവരുന്നു.

(സി) ജീവൻ നിലനിർത്തുന്നതിന് സഹായകരമാകുന്ന ഉപകരണങ്ങൾക്കുള്ള വൈദ്യുതി സൗജന്യമായി രോഗികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നിലവിലില്ല.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന

39 (406) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം ഗ്രാമീണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് എത്ര തുക ഇതിനോടകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരമുള്ള പ്രവൃത്തികൾക്കായി സംസ്ഥാനത്തിന് 485.37 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു തുകയൊന്നും ഇതിനോടകം അനുവദിച്ചിട്ടില്ല.

(ബി)

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരമുള്ള-കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ

ക്രമ നമ്പർ	പ്രവൃത്തികളുടെ പേര്	തുക ലക്ഷത്തിൽ
1	11 KV or 22 KV ലൈൻ വർദ്ധനവ് വരുത്തുന്ന പ്രവൃത്തി	176.289906
2	വിതരണ ട്രാൻസ്ഫോർമറിന്റെ പ്രാപ്തി വർദ്ധിക്കുന്ന പ്രവൃത്തി	66.74
3	വിതരണ ട്രാൻസ്ഫോർമറുകളുടെ മീറ്ററിംഗ്	382.16
4	വിതരണ ലൈൻ മീറ്റർ സ്ഥാപിക്കൽ	4.68
5	ഉപഭോക്തൃ മീറ്ററിംഗ്	1623.62
6	മീറ്റർ മാറ്റി സ്ഥാപിക്കൽ	348.9733
7	പുതിയ 11 KV ലൈൻ സ്ഥാപിക്കൽ	239.4492
8	പുതിയ 11 KV വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	153.59
9	പുതിയ 11 KV ബ്രാഞ്ച് ലൈൻ സ്ഥാപിക്കൽ	5.88162
10	പുതിയ LT ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കൽ	13.574
11	പുതിയ LT ശിരോപരി ലൈനുകൾ വലിക്കൽ	310.9837
12	നിലവിലുള്ള LT ശിരോപരി ലൈൻ മാറ്റി പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കൽ	314.2914
13	വിതരണ ട്രാൻസ്ഫോർമറുകളുടെ എർത്തിംഗ് പുനരുദ്ധാരണ പ്രവൃത്തി	72.8
14	33 KV ലൈൻ വർദ്ധനവ് വരുത്തുന്ന പ്രവൃത്തി	150.63442
15	BPL കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കൽ	81.33
	ആകെ	3944.997546

LIBRARY ARCHIVES Kerala Legislative Assembly